# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1249** — **02.03.2017-ൽ മറുപടിക്ക്**

## ആറ്റിങ്ങൽ ഹൈടെക് സ്കൂൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.സത്യൻ | | പ്രൊഫ :സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ ഏത് സ്കൂളാണ് ഹൈടെക് സ്കൂളാക്കി ഉയർത്തുന്നത് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്നും വ്യക്തമാക്കാമോ ; | എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ,എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാൽ ആറ്റിങ്ങൽ മണ്ഡലത്തിലേയും എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളും ഹൈടെക് സ്കൂളുകളാക്കുന്നതാണ്. |
| ബി) | പ്ലസ് ടു കോഴ്സുകൾക്ക് ധാരാളം വിദ്യാർത്ഥികൾ പ്രവേശനം തേടുന്നതിന് അപേക്ഷിക്കുന്ന ആറ്റിങ്ങൽ ബോയ്സ്, ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ ബാച്ച്, അനുവദിക്കു മോയെന്ന് വിശദമാക്കാമോ; | ബി) | പുതിയ ഹയർസെക്കണ്ടറി സ്കൂളുകളും അധികബാച്ചുകളും അനുവദിക്കുന്ന വിഷയത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല . |
| സി) | പുതുതായി ഹയർസെക്കണ്ടറി കോഴ്സ് ആരംഭിച്ച സ്കൂളുകളിലെ അധ്യാപക-അനധ്യാപക തസ്തിക നിർണ്ണയം ഏത് ഘട്ടത്തിലായെന്നും അധ്യാപക-അനധ്യാപക തസ്തിക നിർണ്ണയം സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡം എന്താണെന്നും വിശദ മാക്കാമോ? | സി) | 2014-15, 2015-16 അധ്യയന വർഷം പുതുതായി അനുവദിച്ച ഹയർസെക്കണ്ടറി ബാച്ചുകളിൽ / സ്കൂളുകളിൽ അധ്യാപക -അനധ്യാപക തസ്തിക നിർണ്ണയം നടത്തി DHSE പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന പ്രകാരം പീരിയഡുകളെ അടിസ്ഥാനമാക്കിയാണ് അധ്യാപക തസ്തിക നിർണ്ണയം നടത്തുന്നത്. അതനുസരിച്ച് 14 പീരിയഡുവരെ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയും 25 പീരിയഡുവരെ എച്ച്.എസ്.എസ്.ടി സീനിയർ തസ്തികയും അനുവദനീയമാണ്. |

സെക്ഷൻ ഓഫീസർ